**കണ്ണൂർ ജില്ലയിൽതളിപ്പറമ്പ് താലൂക്കിൽപെട്ട പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി ഭൂമിയേറ്റെടുക്കുന്നതു മൂലമുള്ള സാമൂഹ്യാഘാതത്തെപ്പറ്റിയുള്ള പഠനറിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ ശുപാർശക്കുറിപ്പ്.**

**തീയ്യതി: 08/11/2018**

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിലുള്ള പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതിക്കായി ഭൂമിയേറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യാഘാതത്തെപ്പറ്റി ''**കെയറോസ് കണ്ണൂർ**'' എന്ന ഏജൻസി തയ്യാറാക്കിയ പഠനറിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ദ്ധ സമിതി കണ്ണൂർ ജില്ലാകലക്ടറുടെ 31.10.2018 ലെ DCKNR/8519/16/C1 നമ്പറായുള്ള ഉത്തരവ് പ്രകാരം രൂപവൽക്കരിച്ചിരുന്നു. ഈ സമിതി 03.11.2018 -ാം തീയ്യതി ഉച്ചയ്ക്ക് 12 മണിക്ക് പയ്യാവൂർ ഗ്രാമപഞ്ചായത്താഫീസിൽ വെച്ച് പ്രാഥമികയോഗം ചേർന്ന് '**കെയ്റോസ് കണ്ണൂർ**' സമർപ്പിച്ച റിപ്പോർട്ടിലെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയും തുടർന്ന് പദ്ധതിപ്രദേശം സന്ദർശിക്കുകയും ചെയ്തു. പദ്ധതിബാധിതരുമായി സംസാരിക്കുകയും നിജസ്ഥിതി- സ്ഥലപരിശോധന നടത്തി മനസ്സിലാക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 08.11.2018 ാം തീയ്യതി ഉച്ചക്ക് ശേഷം 2 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ ഈ സമിതി അന്തിമയോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ളതും ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി നബാർഡിന്റെ സഹായത്തോടെ കേരളാവാട്ടർഅതോറിറ്റി രൂപകൽപന ചെയ്ത ഈ പദ്ധതി പൂർണ്ണമായി നടപ്പിലായാൽ പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ എല്ലാവാർഡുകളിലേക്കും എരുവേശ്ശി പഞ്ചായത്തിലെ രണ്ടുവാർഡുകളിലും വേണ്ട കുടിവെള്ളം ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീകണ്ഠാപുരം വില്ലേജിലെ നെടുങ്ങോം ദേശത്ത് റി.സ. 129/5 ൽപെട്ട 0.0121 ഹെക്ടർ ഭൂമി ഉടുമ്പനാട് ജോയ് എന്നയാളിൽ നിന്നും ഏറ്റെടുത്ത് ശ്രീകണ്ഠാപുരം നഗരസഭ 18-ാം വാർഡിൽപെട്ട ഉച്ചത്ത് കയം എന്ന സ്ഥലത്ത് കിണറും

പമ്പ് ഹൗസും നിർമ്മിക്കുന്നതിനും, പയ്യാവൂർ വില്ലേജ് പയ്യാവൂർ ദേശത്ത് റി.സ. 1/1 ൽപെട്ട 0.0607 ഹെക്ടർ ഭൂമി ബിജു.എസ്.നായർ എന്നയാളിൽ നിന്നും ഏറ്റെടുത്ത് (മരുതംചാൽ എന്ന സ്ഥലം) ബൂസ്റ്റർ സ്റ്റേഷൻ സ്ഥാപിച്ച് അവിടെ നിന്നും പൈറ്റടി പറമ്പിൽ (പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത്) ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് പഞ്ചായത്തിലെ എല്ലാവാർഡുകളിലെ ജനങ്ങൾക്കും കൂടാതെ എരുവേശ്ശി പഞ്ചായത്തിലെ 2 വാർഡുകളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിയായിട്ടാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്.

സാമൂഹ്യാഘാത പഠന റിപ്പോർട്ടിലുള്ള കാര്യങ്ങളും സ്ഥലപരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും വിശകലനം ചെയ്ത് ഈ സമിതി താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. ഈ ഭൂമിയേറ്റെടുക്കുന്നത് പയ്യാവൂർ ഗ്രാമപഞ്ചായത്തിലേയും എരുവേശ്ശി പഞ്ചായത്തിനുകളിലെ രണ്ടു വാർഡുകളിലെയും നിലവിലുള്ളതും ഭാവിയിൽ ഉണ്ടായേക്കാവുന്നതുമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയാണ്. എല്ലാ ജനങ്ങൾക്കും കുടിവെള്ളമെത്തിക്കുകയെന്നത് സർക്കാരിന്റെ ഒരു പ്രാഥമിക കടമയാണ് ആയതിനാൽ വളരെ പ്രധാനപ്പെട്ട ഒരു പൊതു ആവശ്യത്തിനു വേണ്ടിയാണ്.

2. കിണർ നിർമ്മിക്കന്നതിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമി ധാരാളം വെള്ളം ലഭ്യമായ ഉച്ചത്ത് കയം എന്നറിയപ്പെടുന്നതും മടമ്പം പുഴയിലെ ഏറെ ആഴമുള്ളതുമായ സ്ഥലത്തിനു സമീപമാണ്. അതുപോലെ ബൂസ്റ്റർസ്റ്റേഷൻ സ്ഥാപിക്കുന്നതിനു മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് നിലവിൽ വരുമാനമൊന്നും ലഭിക്കാത്തതും ഏറ്റവും ചിലവു കുറഞ്ഞതുമായ സ്ഥലത്താണ്. കിണറും ബൂസ്റ്റർ സ്റ്റേഷനും സ്ഥാപിക്കുന്ന സ്ഥലം സാങ്കേതികമായി യോജിച്ചതാണെന്ന് കേരളാ വാട്ടർ അതോറിറ്റി പഠന പ്രവർത്തിയിലൂടെ കണ്ടെത്തിയതാണ്. ആയതിനാൽ ഇതിനുപകരം മറ്റൊരു ഭൂമി കണ്ടെത്തേണ്ട ആവശ്യമില്ല.

3. നിർദ്ദിഷ്ട ആവശ്യത്തിനുവേണ്ടി വളരെ കുറഞ്ഞ അളവിലുള്ള ഭൂമിയാണ് ഇപ്പോൾ ഏറ്റെടുക്കുന്നതെന്ന് സ്ഥലപരിശോധനയിൽ കാണുന്നു.

4. ഈ പദ്ധതിയാവശ്യത്തിനായി ആരും തന്നെ കുടിയൊഴിക്കപ്പെടുന്നില്ല. ആയതിനാൽ പുനരധിവാസ പ്രശ്നങ്ങളില്ല.

5. ഈ ഭൂമിയേറ്റെടുക്കുമ്പോൾ തൊഴിലിനോ, വരുമാനത്തിനോ, പരിസ്ഥിതിക്കോ, കൃഷിക്കേ,ാ ആഘാതങ്ങളിലെന്ന പഠന റിപ്പോർട്ടിനോട് യോജിക്കുന്നു.

6. പൊതു സമൂഹത്തിന്റെ ഉപയോഗത്തിനുള്ള കളി സ്ഥലങ്ങൾ, അംഗൻവാടി, ആരാധനാലയങ്ങൾ, മേച്ചിൻസ്ഥലങ്ങൾ എന്നിവ ഏറ്റെടുക്കുന്ന സ്ഥലത്തിൽ ഉൾപ്പെടാത്തതിനാൽ പൊതുഇടങ്ങൾക്ക് ഈ പദ്ധതിമൂലം ആഘാതങ്ങളില്ല.

7. കിണറും പമ്പിംഗ് സ്റ്റേഷനും വേണ്ടിയുള്ള സ്ഥലത്തിന്റെ ഉടമയായ ജോയി ഉടുമ്പനാടിന് പമ്പിംഗ് സ്റ്റേഷനിലേ അതുമായി ബന്ധപ്പെട്ട മറ്റ് സ്ഥലത്തോ എന്തെങ്കിലും ജോലി സാധ്യതയുണ്ടെങ്കിൽ അതിന് അദ്ദേഹത്തിനെ പരിഗണിക്കാമെന്ന് അറിയിച്ചതായി പഠന റിപ്പോർട്ടിൽ കാണുന്നു. ഇതിന്റെ സാധ്യത പരിഗണിക്കാവുന്നതാണെന്ന് ഈ കമ്മിറ്റി അഭിപ്രായപ്പെടുന്നു.

8. ആകെ രണ്ട് പേരിൽ നിന്നാണ് ഈ പദ്ധതിക്കുവേണ്ടി ഭൂമിയേറ്റെടുക്കുന്നത്. രണ്ട് വർഷം മുമ്പ് ഒപ്പിട്ട ധാരണാപത്രത്തിനുശേഷം ഭൂമിയുടെ വില വർദ്ധിച്ചിട്ടുണ്ടെന്നും ആയതിനാൽ ആനുപാതിക വർദ്ധനവ് നൽകണമെന്നുള്ള അവരുടെ ആവശ്യം വിലനിർണയ സമയത്ത് ബന്ധപ്പെട്ട ലാന്റ് അകിസിഷൻ ഓഫീസർ നിയമാനുസരണം പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും കൂടാതെ എരുവേശ്ശി പഞ്ചായത്തിലെ 2 വാർഡുകളിലെയും കുടിവെള്ളപ്രശ്നം പരിഹരിക്കാൻ കഴിയുന്ന ഈ പദ്ധതിയുമായി ബന്ധപ്പെട്ട യാതൊരു വിധ സമൂഹ്യാഘാതങ്ങളുമില്ലാത്തതിനാൽ മേൽപറഞ്ഞ ഭൂമിയേറ്റെടുക്കൽ അടിയന്തിരമായി പൂർത്തിയാക്കാവുന്നതാണെന്ന് വിദഗ്ദ സമിതി ശുപാർശ ചെയ്യുന്നു.

അഷ്റഫ്.ടി.പി
വൈസ്.പ്രസിഡണ്ട്
പയ്യാവൂർ ഗ്രാമപഞ്ചായത്ത്

സിന്ധു
മെമ്പർ
പയ്യാവൂർ ഗ്രാമപഞ്ചായത്ത്

ഗോപി.എം
സാമൂഹ്യശാസ്ത്രജ്ഞൻ

അനിൽ കുമാർ പി.വി
അസി.എൻജിനീയർ
LSGD പയ്യാവൂർ
ഗ്രാമപഞ്ചായത്ത്
പദ്ധതിയുമായി ബന്ധപ്പെട്ട
സാങ്കേതിക വിദഗ്ദ്ധൻ

രാജൻ.പി
റിട്ട. ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ
പ്രവർത്തനവിദഗ്ദൻ

സി.എം.മുരളീധരൻ
റിട്ട. ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ
പ്രവർത്തന വിദഗ്ദൻ

ജിജി.കൈപ്രത്ത്
സാമൂഹ്യ ശാസ്ത്രജ്ഞ& ചെയർപേഴ്സൺ
വിദഗ്ദസമിതി